**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **28-01-2026 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഹാൻവീവ് ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെയെന്ന് വ്യക്തമാക്കുമോ; കുടിശിക കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡിൽ (ഹാൻവീവ്) 2025 സെപ്റ്റംബർ മാസം മുതൽ 2025 ഡിസംബർ മാസം വരെയുള്ള നാലുമാസത്തെ ശമ്പളം നിലവിൽ കുടിശികയായിട്ടുണ്ട്. കുടിശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ ഹാൻവീവ് സ്വീകരിച്ചു വരുന്നു. |
| (ബി) | സ്ഥാപനത്തിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; വിരമിച്ച ജീവനക്കാരുടെ പി.എഫ്. അടച്ചുതീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് അടച്ചുതീർക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) | കോർപ്പറേഷനിൽ നിന്നും വിരമിച്ച/രാജിവച്ച 37 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും 67 ജീവനക്കാർക്ക് ടെർമിനൽ സറണ്ടറും നൽകുവാൻ ഉണ്ട്. വിരമിച്ച ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ 2023 ജൂലൈ മുതലുള്ള ഇ.പി.എഫ് ലേക്കുള്ള തൊഴിലുടമ വിഹിതവും, 2025 ഫെബ്രുവരി മാസം മുതലുള്ള ജീവനക്കാരുടെ വിഹിതവും അടയ്ക്കുവാനുണ്ട്.<br><br>കോർപ്പറേഷന്റെ വിൽപനയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തിയും കോർപ്പറേഷന് ലഭിക്കാനുള്ള ഫണ്ടുകൾ ലഭ്യമാക്കിയും മറ്റ് വരുമാനസ്രോതസ്സുകളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കിയും സ്ഥാപനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തി വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ ഹാൻവീവ് സ്വീകരിച്ചു വരുന്നു. |
| (സി) | പുതിയ തസ്തിക അനുവദിക്കാൻ സ്ഥാപനം സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | സ്ഥാപനത്തിന് സ്റ്റാറ്റ്യൂട്ടറി ആവശ്യങ്ങൾക്ക് ഫണ്ട് അനുവദിക്കുമോ; വിശദമാക്കാമോ; സർക്കാർ ഹാൻവീവിന് നൽകാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക സ്ഥാപനത്തിന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. എന്നിരുന്നാലും 2024 - 25 സാമ്പത്തിക വർഷത്തിൽ സ്റ്റാറ്റ്യൂട്ടറി ബാധ്യത തീർക്കുന്നതിനായി 175 ലക്ഷം രൂപ അനുവദിച്ചു നൽകിയിരുന്നു. കൂടാതെ 2025-26 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 30 ലക്ഷം രൂപ റിലീസ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ